**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **16-09-2025 - ൽ മറുപടിയ്ക്ക്**

**കരിങ്ങാലിയിലെ ലോക്ക് കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കരിങ്ങാലിയിലെ ലോക്ക്-കം - ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | വടകര- മാഹി കനാലിന്റെ വടക്ക് ഭാഗത്ത് കരിങ്ങാലിമുക്കിൽ ഉപ്പ് വെള്ളം പ്രതിരോധിക്കുന്നതിനും വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുമായി വിഭാവനം ചെയ്ത കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ലോക്കിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ലോക്കിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തികരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ലോക്കിന്റെ സിവിൽ പ്രവൃത്തികൾ 74% പൂർത്തീകരിച്ചു. മെക്കാനിക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | 2026 മാർച്ച് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ